ദേശാഭിമാനി

Monday, 26 January 2009

policybaz
Insurance comp
A Naukri.com Group

## തൃക്കുന്നത്തു സെമിനാരിയിൽ ഇരുവിഭാഗവും പ്രാർഥന നടത്തി

ആലുവ: തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് തൃക്കുന്നത്തു പള്ളിയിലെ കബറിടത്തിൽ ഇരുവിഭാഗവും സമാധാനപരമായി ധൂപപ്രാർഥന നടത്തി. തർക്കം നിലനിൽക്കുന്നതിനാൽ ഇരുവിഭാഗത്തിനും പ്രാർഥനയ്ക്ക് പ്രത്യേക സമയം നിശ്ചയിച്ചിരുന്നു. ഞായറാഴ്ച രാവിലെ ഏഴു മുതൽ 11വരെ ഓർത്തഡോക്സ് വിഭാഗവും പകൽ ഒന്നു മുതൽ അഞ്ചുവരെ യാക്കോബായ വിഭാഗവും പ്രാർഥന നടത്തി. ഏതാനും ദിവസമായി സംഘർഷ സാധ്യതനിലനിന്നതിനാൽ കനത്ത പൊലീസ് ബന്തവസിലാണ് വിശ്വാസികളെ പള്ളിയിൽ പ്രവേശിപ്പിച്ചത്. ആയിരത്തിലേറെ പൊലീസുകാരെ വിന്യസിച്ചിരുന്നു. ആംബുലൻസ്, ഫയർ സർവീസ്, ജലപീരങ്കി എന്നിവ സജ്ജമാക്കിയിരുന്നു. പള്ളിയുടെ ഗേറ്റിൽ സ്ഥാപിച്ച മെറ്റൽഡിറ്റക്ടർവഴിയാണ് വിശ്വാസികളെ പ്രവേശിപ്പിച്ചത്. പ്രാർഥനയ്ക്ക് എത്തുന്നവരെ ദേഹപരിശോധന നടത്തിയാണ് അകത്തുവിട്ടത്. കലക്ടർ എം ബീന ഞായറാഴ്ച സ്ഥലത്തെത്തി. എസ്പി പി വിജയൻ, ഡിവൈഎസ്പി ഉണ്ണിരാജൻ, ആർഡിഒ സുന്ദരേശൻ, അഡീഷണൽ മജിസ്ട്രേട്ട് രാജി, തഹസിൽദാർ ഇ കെ സുജാത എന്നിവർ സ്ഥലത്ത് ക്യാമ്പ്ചെയ്തിരുന്നു. ക്രമസമാധാനപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഹൈക്കോടതി ചുമതലപ്പെടുത്തിയിരുന്ന അഭിഭാഷക കമീഷൻ അഡ്വ. ശ്രീലാൽ വാര്യർ സ്ഥലത്തുണ്ടായിരുന്നു.രണ്ടുദിവസംമുമ്പ് പള്ളിക്കുചുറ്റും പൊലീസ് കമ്പിവേലി കെട്ടി. സെമിനാരിക്കുള്ളിൽ ഉണ്ടായിരുന്ന ഓർത്തഡോക്സ് പക്ഷം ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മോർ മിലിത്തിയോസിന്റെ നേതൃത്വത്തിലാണ് കബറിടത്തിൽ എത്തിയത്. മാത്യൂസ് മാർ സേവേറിയോസ് മെത്രാപോലീത്ത, സഭാ സെക്രട്ടറി ജോർജ് ജോസഫ് എന്നിവരും ഒപ്പമുണ്ടായിരുന്നു. ഫിലിപ്പോസ് മാർ തിയോഫിലോസിന്റെ കബറിടത്തിലാണ് ഇവർ പ്രാർഥന നടത്തിയത്. യാക്കോബായവിഭാഗത്തിന്റെ പിതാക്കന്മാരായ അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ്, കുറ്റിക്കാട്ട് പൗലോസ് മാർ അത്താനാസിയോസ്, വലിയപറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് എന്നിവരുടെ കബറുകളിൽ പ്രാർഥനയ്ക്കായി പകൽ ഒന്നിനുതന്നെ വിശ്വാസികളും വൈദികരും എത്തിത്തുടങ്ങി. വടക്കൻപറവൂർ, വാപ്പാലശേരി, അകപ്പറമ്പ്, നെടുമ്പാശേരി, പൊയ്ക്കാട്ടുശേരി എന്നിവിടങ്ങളിൽനിന്ന് തീർഥയാത്രയായി വിശ്വാസികൾ എത്തി. തീർഥയാത്രാസംഘം കബറിടത്തിലേക്ക് പ്രവേശിക്കുമ്പോൾ ഓർത്തഡോക്സ് പക്ഷം നിയുക്ത ബാവായ്ക്കുവേണ്ടി മുദ്രാവാക്യം വിളിച്ചത് ചെറിയ സംഘർഷത്തിനിടയാക്കി. വൈകിട്ട് നാലിന് ബാവാ പള്ളിയങ്കണത്തിൽ എത്തി പ്രാർഥനയ്ക്കായി കബറിൽ കടക്കുമ്പോൾ നിശ്ചിത സമയക്രമം പാലിക്കണമെന്ന് കലക്ടറും അഭിഭാഷക കമീഷൻ അഡ്വ. ശ്രീലാൽ വാര്യരും കാതോലിക്ക ബാവായോട് അഭ്യർഥിച്ചു. പത്തുമിനിറ്റാണ് ബാവായ്ക്ക് അനുവദിച്ചിരുന്നത്. 4.05ന് ബാവാ വൈദികർക്കും വിശ്വാസികൾക്കുമൊപ്പം കബറിൽ കടന്നു. കലക്ടറും അഭിഭാഷക കമീഷനും നിശ്ചിതസമയം ക്രമപ്പെടുത്തി സ്റ്റോപ് വാച്ച് സജ്ജീകരിച്ചിരുന്നു. കൃത്യം പത്തുമിനിറ്റികം പ്രാർഥന പൂർത്തിയാക്കി പുറത്തിറങ്ങിയ ബാവാ എല്ലാ സഹകരണങ്ങൾക്കും കലക്ടറോട് നന്ദിപറഞ്ഞ് പള്ളിയങ്കണം വിട്ടു. കൊച്ചി ഭദ്രാസന മൊത്രാപോലീത്തമാരായ ജോസഫ് മാർ ഗ്രിഗോറിയോസ്, അൽമായ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കൽ, സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ടി യു കുരുവിള എംഎൽഎ തുടങ്ങിയവർ പ്രാർഥന നടത്തി.